M-3

# MODEL EXAMINATION

**CLASS X** | **MALAYALAM** | **Time : 3 hrs.**
**Marks : 80**

**The question paper will be divided into two sections.**

എ വിഭാഗം - അവധാരണം - 40 marks
പദപരിചയം
ബി വിഭാഗം - വ്യാകരണം, രചന - 40 marks
സാഹിത്യം

---

## എ വിഭാഗം

**I. ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കുവീതം) 8 × 1 = 8**

എന്തൊക്കെയാണ് നിരൂപകന്റെ മൂലധനം? സാഹിത്യത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും സ്വന്ത മായി ഒരു പക്ഷമുണ്ടായിരിക്കുകയാണ് ഒന്നാമത് വേണ്ടത്. കാലത്തിന്റെ ക്രൂരമായ പരീക്ഷ ണത്തെ അതിജീവിച്ച് വിശ്വസാഹിത്യത്തിലെ പ്രകാശഗോപുരങ്ങളായി നിൽക്കുന്ന കൃതികളു മായി ഗാഢമായ പരിചയം നേടിയിട്ടുള്ളവർക്കു മാത്രമേ ഇങ്ങനെ ഒരു നിലപാടു സ്വീകരി ക്കാൻ കഴിയുകയുള്ളു. മാറ്റമില്ലാത്ത മാനദണ്ഡങ്ങൾ നിരൂപകന് ഉണ്ടായിരിക്കണമെന്ന അർഥ ത്തിലല്ല ഇങ്ങനെ പറയുന്നത്. അങ്ങനെയുള്ള പിഴക്കാത്ത മാനദണ്ഡങ്ങൾ പ്രയോഗക്ഷമമായി തയ്യാറാക്കി വയ്ക്കാൻ സാധ്യമല്ല. പ്രതിഭിന്നമായ സാഹിത്യകൃതികളുടെ അപാരമായ പ്രപഞ്ച ത്തിൽ കർക്കശമായ നിയമങ്ങൾക്ക് പ്രസക്തിയുമില്ല. എങ്കിലും ആ പരിചയം ഈടുറ്റ ഒരടി സ്ഥാനം നിരൂപകനു നൽകും. മനുഷ്യജീവിത മഹത്ത്വത്തെക്കുറിച്ചുള്ള ഉദാരസങ്കൽപ്പങ്ങൾ വിരിഞ്ഞുനിൽക്കുന്ന പുണ്യഭൂമികളാണല്ലോ ക്ലാസിക്കുകൾ. സാഹിത്യത്തെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങളുമായും വിമർശകൻ പരിചയം നേടണം. നിരൂപണത്തിന്റെ വീഥിയിൽ കാലിടറാ തിരിക്കാൻ ഇത് സഹായകമാണ്. മഹത്തായ സാഹിതിയുടെ മഹോന്നത രൂപങ്ങളുമായുള്ള നിത്യപരിചയത്തിൽ നിന്ന് ഊറിക്കൂടുന്ന സംസ്കാരവും സാഹിത്യത്തിന്റെ മൗലീക പ്രമാണ ങ്ങളെക്കുറിച്ചുള്ള പിഴക്കാത്ത കാഴ്ചയും കൂടിച്ചേരുമ്പോഴേ ഉത്തമനിരൂപണം ഉടലെടുക്കുക യുള്ളു. ആ പാകവിജ്ഞാനത്തിന്റെ വിജയമാണ് എലിയറ്റിന്റേയും കുട്ടികൃഷ്ണമാരാരുടെയും മറ്റും നിരൂപണങ്ങൾ. അത്തരം പ്രചോദിത നിരൂപണങ്ങൾ വായിക്കുമ്പോൾ ആസ്വാദകന്റെ ആസ്വാദനശേഷി അസാധാരണമാം വിധം വികസിക്കുകയും അനുഭൂതി മണ്ഡലം സമ്പന്നമാ യിത്തീരുകയും ചെയ്യും.

1. മനുഷ്യജീവിത മഹത്ത്വത്തെക്കുറിച്ചുള്ള ഉദാരസങ്കല്പങ്ങൾ വിരിഞ്ഞുനിൽക്കുന്ന പുണ്യഭൂമി കളാണ്.........
   (നിരൂപണം, ക്ലാസിക്കുകൾ, ഉത്തമനിരൂപണം, പ്രചോദിക നിരൂപണം)
2. പ്രചോദിത നിരൂപണങ്ങൾക്ക് ഉദാഹരണമായി ആരുടെ രചനകളെപ്പറ്റിയാണ് ഈ ഖണ്ഡിക യിൽ കൊടുത്തിരിക്കുന്നത്?
   (കാറൽമാക്സ്, കുട്ടിക്കൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി, എം.എൻ. വിജയൻ)
3. മഹത്തായ സാഹിതിയുടെ മഹോന്നത, രൂപങ്ങളുമായുള്ള നിത്യപരിചയത്തിൽനിന്ന് ഊറി കൂടുന്ന സംസ്കാരവും സാഹിത്യത്തിന്റെ മൗലികപ്രമാണങ്ങളെക്കുറിച്ചുള്ള പിഴക്കാത്ത കാഴ്ചയും കൂടി ചേരുമ്പോൾ എന്താണ് ഉടലെടുക്കുന്നത്?
   (നിരൂപണം, പ്രചോദിതനിരൂപണം, ഉത്തമനിരൂപണം, ആസ്വാദനം)
4. എന്ത് വായിക്കുമ്പോഴാണ് ആസ്വാദകന്റെ ആസ്വാദനശേഷി അസാധാരണമാംവിധം വിക സിക്കുകയും അനുഭൂതിമണ്ഡലം സമ്പന്നമായിത്തീരുകയും ചെയ്യുന്നത്?
   (ക്ലാസിക്കുകൾ, ആസ്വാദനം, ഉപന്യാസം, പ്രചോദികനിരൂപണങ്ങൾ)

5. സാഹിത്യത്തെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങളുമായി ആർക്കാണ് പരിചയം നേടേണ്ടത്?

(നിരൂപകന്, വിമർശകന്, കഥാകൃത്തിന്)

6. എന്താണ് നിരൂപകന്റെ മൂലധനം?

(സാഹിത്യത്തെക്കുറിച്ചുള്ള പരിചയം, സാഹിത്യത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും സ്വന്തമായി ഒരു പക്ഷമുണ്ടായിരിക്കണം, മാറ്റമില്ലാത്ത മാനദണ്ഡങ്ങൾ നിരൂപകന് ഉണ്ടായിരിക്കണം)

7. 'വീഥി' എന്ന പദത്തിന്റെ പര്യായമായി വരാത്ത പദം ഏത്?

(മാർഗ്ഗം, പാത, വഴി, വാപി)

8. സാഹിത്യത്തെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങളുമായും .......... പരിചയം നേടണം.

(ആസ്വാദകർ, പ്രേക്ഷകർ, വിമർശകൻ)

9. 'വിമർശക' എന്നതിന് എതിർലിംഗമായി ഗദ്യത്തിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത്?

(വിമർശകൻ, വിമർശകർ, വിമർശകൻമാർ)

10. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം എഴുതുക.

(ആസ്വാധനം, ആസ്വാദനം, ആസാദ്വനം, ആസാധ്വനം)

**II. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരം എടുത്തെഴുതുക.** **8 × 1 = 8**

a) തന്നിരിക്കുന്ന പദത്തിന്റെ എതിർലിംഗം എഴുതുക : പരിചിതൻ

(പരിചത, അപരിചിതൻ, അപരിചിത)

b) 'അഭിമാനം' എന്ന പദത്തിന് വിപരീതമായി വരുന്ന പദം ഏതാണ്?

(സ്വാഭിമാനം, അപമാനം, മാനം, ബഹുമാനം)

c) 'നൂല്' എന്ന പദത്തിന്റെ പര്യായപദം എഴുതുക.

(വിടകം, തൂശി, തന്തു, ശൂൽബം)

d) വഴി - മൊഴി അർത്ഥവ്യത്യാസം എഴുതുക.

(പാത, മൂക്ക്, വാക്ക്, പഴി)

e) 'ചാരുപടി' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത്?

(ചാരിന്റെ പടി, ചാരിയ പടി, ചാരുന്നതിനുള്ള പടി)

f) 'ചിത്രം' എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്ത പദം ഏത്?

(ചരിത്രം, അത്ഭുതം, വിസ്മയം, പടം)

g) 'കുലംപാസന' എന്ന പദത്തിന്റെ അർത്ഥം എഴുതുക.

(കുലത്തെ മറന്നവൻ, കുലം നശിപ്പിക്കുന്നവൻ, കുലം ദുഷിപ്പിക്കുന്നവൻ)

h) തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(മേഥാവി, മേധാവി, മേദാവി, മേദ്ധാവി)

i) 'അക്ഷരം അറിയാത്തവൻ' എന്നതിന്റെ ഒറ്റപ്പദം ഏത്?

(സാക്ഷരൻ, നിരക്ഷരൻ, പണ്ഡിതൻ, പാമരൻ)

j) 'അത്യധികം' എന്ന പദം പിരിച്ചെഴുതുമ്പോൾ.

(അതി + അധികം, അ + അധികം, അത്യ + അധികം, അ + ധികം)

**III. ഏതെങ്കിലും നാലെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. 4 × 2 = 8**

a) 'ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്'.

i) ഏതിനെക്കുറിച്ച്?

(കണ്ടുണ്ണിയെക്കുറിച്ച്, യാത്രയെപ്പറ്റി, കടത്തെപ്പറ്റി, നാടിനെപ്പറ്റി)

ii) മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത് വെള്ളായിയപ്പൻ ഓർമ്മിച്ചതെപ്പോൾ?

(പുഴ കണ്ടപ്പോൾ, പുഴയുടെ നടുക്കെത്തിയപ്പോൾ, പുഴ കടന്നപ്പോൾ, കണ്ടുണ്ണിയെ കണ്ടപ്പോൾ)

b) "നിന്നുടെ തത്വം അറിഞ്ഞിരിക്കുന്നു."

i) ആര് ആരോടു പറയുന്നതാണിത്?

(ശ്രീരാമൻ ലക്ഷ്മണനോട്, എഴുത്തച്ഛൻ രാമനോട്, ശ്രീരാമൻ സുമിത്രയോട്, ലക്ഷ്മണൻ രാമനോട്)

ii) ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന വെള്ളത്തുള്ളിക്ക് സമമെന്ത്?

(മനുഷ്യജന്മം, ആലയസംഗമം, ഭോഗങ്ങൾ തേടൽ, കളത്രസുഖം)

c) 'പണ്ടു നിന്നെയൊരിളം കുരുന്നതായ് കണ്ടു ഞാൻ'.

i) ആരാണു കണ്ടത്?

(നളിനി, യോഗിനി, കവി, ദിവാകരൻ)

ii) മുഖം ഭൂരിബാഷ്പ പരിപാടലമായതാർക്ക്?

(ദിവാകരന്, കാഴ്ചക്കാർക്ക്, ഉഷസ്സിന്, നളിനിക്ക്)

d) "ഇനി എന്റെ പക്ഷത്തിൽ ബാക്കിയുള്ളവരോടു പറയണം ഭീമൻ മുറതെറ്റിച്ചാണ് എന്നെ വീഴ്ത്തിയതെന്ന്."

i) ആരാണ് ഇങ്ങനെ പറയുന്നത്?

(ദുര്യോധനൻ, വ്യാസൻ, പരീക്ഷിത്ത്, അശ്വത്ഥാമാവ്)

ii) മഹാഭാരതയുദ്ധം നടന്നത് എവിടെവെച്ചാണ്?

(കുരുക്ഷേത്രത്തിൽ, രാജാങ്കണം, ഹസ്തിനപുരം, അയോദ്ധ്യ)

e) "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു".

i) ആരാണ് പഴിക്കുന്നത്?

(തുമ്പകൾ, പരിഷ്കാരികൾ, നെയ്യാമ്പലുകൾ, പുള്ളുവൻ)

ii) നല്ലതിഥി നമുക്കിനിയാരിതുപോലെ. ആരാണ് അതിഥി?

(മഹാബലി, പുള്ളുവൻ, കുട്ടികൾ, തുമ്പകൾ)

**IV. ഏതെങ്കിലും നാലെണ്ണത്തിന് ശരിയായ ഉത്തരം എടുത്തെഴുതുക. 4 × 4 = 16**

a) "നാളെയാണ് അല്ലേ." പാറാവുകാരൻ പറഞ്ഞു.

i) പാറാവുകാരൻ പറഞ്ഞതിന്റെ ആശയം എന്ത്?

(കണ്ടുണ്ണിയുമായുള്ള കൂടിക്കാഴ്ച, കണ്ടുണ്ണിയുടെ വധശിക്ഷ, വെള്ളായിയപ്പന്റെ മടക്കയാത്ര, ഇവയൊന്നുമല്ല)

ii) 'ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്.' ആരുടെ വാക്കുകളാണിത്?

(കണ്ടുണ്ണിയുടെ, വെള്ളായിയപ്പന്റെ, പാറാവുകാരന്റെ, അപരിചിതന്റെ)

iii) മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരനിൽനിന്ന് ഏറ്റുവാങ്ങിയതെങ്ങനെ?

(കർഷകനെപ്പോലെ, പേറ്റിച്ചിയെപ്പോലെ, അപരിചിതനെപ്പോലെ, അലഞ്ഞുനടന്ന്)

iv) വെള്ളായിയപ്പൻ വെയിലത്ത് അലഞ്ഞുനടന്ന് എത്തിയതെവിടെ?

(റെയിൽവേ സ്റ്റേഷനിൽ, പുഴവക്കത്ത്, കടൽപ്പുറത്ത്, ജയിലിനു മുന്നിൽ)

b) "ചിരമഹോ കൊതിച്ചു ഞാൻ".

i) എന്താണ് കൊതിച്ചത്?

(സന്യാസം, ദിവാകരദർശനം, പഴയജീവിതം, കളിക്കൂട്ട്)

ii) നളിനി ദിവാകരനെ കണ്ടതെപ്പോൾ?

(ഉച്ചയ്ക്ക്, ഉഷസ്സിൽ, മദ്ധ്യാഹ്നത്തിൽ, സായാഹ്നത്തിൽ)

iii) ദിവാകരൻ നളിനിയെ പിരിഞ്ഞു പോയതെന്തിന്?

(നളിനിയോടുള്ള പിണക്കം മൂലം, താമസം മാറുന്നതിന്, ദേശാടനത്തിന്, സന്യാസത്തിനുവേണ്ടി)

iv) 'കഷ്ടകാല മഖിലം കഴിഞ്ഞു ഹാ' - കഷ്ടകാലം എന്തായിരുന്നു?

(നളിനിയുടെ ഏകാന്തജീവിതം, നളിനിയുടെ സന്യാസജീവിതം, ദിവാകരനുമായുള്ള വേർപിരിയൽ, വീട്ടുകാരുമായുള്ള വേർപിരിയൽ)

c) "ക്രോധം പരിത്യജിക്കേണം ബുധജനം."

i) ഇതിന് കാരണമായി പറയാത്തത് തന്നിരിക്കുന്നവയിൽ ഏത്?

(ക്രോധം മനസ്താപമുണ്ടാക്കും, ക്രോധം ധർമ്മക്ഷയകരമാണ്, ക്രോധം മോക്ഷദായകമാണ്, ക്രോധം സംസാരബന്ധനകാരണമാണ്)

ii) രോഷംകൊണ്ട് ആർക്കാണ് ദോഷം വന്നു ഭവിക്കുന്നത്?

(മോക്ഷാർത്ഥികൾക്ക്, ക്രോധവാന്മാർക്ക്, ബുധന്മാർക്ക്, ദേഹാഭിമാനികൾക്ക്)

iii) താഴെപ്പറയുന്നവയിലേതാണ് അധ്യാത്മരാമായണം കിളിപ്പാട്ടുകാരന്റെ വിശേഷണം അല്ലാത്തത്?

(ഭക്തിപ്രസ്ഥാനത്തിൽ പ്രയോക്താവ്, കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്, ആധുനിക കവിത്രയത്തിൽ പ്രമുഖൻ, ആധുനിക മലയാളഭാഷയുടെ പിതാവ്)

iv) മോക്ഷാർത്ഥി എന്തു ചെയ്യണം?

(വിദ്യ ഏകാഗ്രമായി നേടണം, ക്രോധത്തോടെ ജീവിക്കണം, സംസാരകാരിണിയാകണം, സംസാരനാശിനിയാകണം)

d) "സ്വന്തം ജീവിതത്തിൽനിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതുപോലെ അയാൾക്കു തോന്നി."

i) എപ്പോഴാണ് അങ്ങനെ തോന്നിയത്?

(മകന് രോഗം വന്ന് മരിച്ചപ്പോൾ, ജയിലിൽനിന്ന് തിരികെപ്പോരുമ്പോൾ, റേഡിയോ പണയം വച്ചപ്പോൾ, കണ്ടുണ്ണി തൂക്കിലേറ്റപ്പെട്ടപ്പോൾ)

ii) തന്നിരിക്കുന്നവയിൽ ഇ. സന്തോഷ് കുമാറിന്റെ രചനയല്ലാത്ത കൃതിയേത്?

(അന്ധകാരനഴി, പ്രവാചകന്റെ വഴി, ചാവുകളി, കാക്കരദേശത്തെ ഉറുമ്പുകൾ)

iii) റേഡിയോ ഇല്ലാതായപ്പോൾ ചാക്കുണ്ണിക്കുണ്ടായ അനുഭവങ്ങളിൽപ്പെടാത്തത് ഇവയിൽ ഏതാണ്?

(അജ്ഞാതമായ പാട്ടിനു കാതോർത്തു, തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു, ആൾക്കൂട്ടത്തിനിടയിൽ ഏകാന്തത തോന്നി, അളവുകൾ തെറ്റാതെ ഉടുപ്പുതുന്നി)

iv) തന്റെ ആവശ്യങ്ങൾ മനസ്സിലാക്കാൻ ആരുണ്ട് എന്നാണ് ചാക്കുണ്ണി പറയുന്നത്?

(ചെമ്പുമത്തായി, ഭാര്യ, മുത്തപ്പൻ, മക്കൾ)

e) 'മഴകൊണ്ടാലും പാവം തുമ്പകൾ

മലരിൻകൂട നിറച്ചു വിറച്ചേ'

i) ഈ വരികളിൽ വരുന്ന ശബ്ദാലങ്കാരം ഏത്?

(ദ്വിതിയാക്ഷരപ്രാസം, ആദിപ്രാസം, ഉത്പ്രേക്ഷ)

ii) മലയാളി മനസ്സിൽ ആഴത്തിൽ ഇടം പിടിച്ച വൈലോപ്പിള്ളി കവിത ഏതാണ്?

(മാമ്പഴം, ഓണമുറ്റത്ത്, കന്നിക്കൊയ്ത്ത്, മിന്നാമിന്നി)

iii) സമസ്തകേരള സാഹിത്യ പരിഷത്തിന്റെ ആദ്യത്തെ സംസ്ഥാന അദ്ധ്യക്ഷൻ?

(ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ, വൈലോപ്പിള്ളി)

iv) മലയാളത്തിലെ പുതുവർഷത്തിനുശേഷം ആദ്യമായുള്ള ദേശീയോത്സവം?

(ഓണം, വിഷു, പൊങ്കൽ)

### ബി വിഭാഗം

**V. a) പ്രയോഗം മാറ്റുക** **2 × 1 = 2**

i) വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു.

ii) പാപികൾ കള്ളത്തരംകൊണ്ടാണ് എന്നെ കൊന്നത്.

**b) അംഗഅംഗിവാക്യങ്ങൾ വേർതിരിക്കുക.** **2 × 1 = 2**

i) മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു.

ii) ആയുധ കവചാദികളില്ലെങ്കിലും തൊഴുതു കുമ്പിട്ടു നിന്നാലും ഒരുവനേയും അവർ വിടില്ല.

**c) വാക്യങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2 × 1 = 2**

i) ഇന്നു ഞാൻ മുഴുവൻ സർവപാഞ്ചാലരേയും, വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കും.

ii) ഇങ്ങനെയാണ് ഒടുവിൽ മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി.

d) **അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **2 × 1 = 2**

i) യുദ്ധത്തിന്റെ ആദ്യ ദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറെ പാലിക്കപ്പെട്ടു.

ii) അശ്വത്ഥാമാവ് കണ്ണീരുമായി പലതും പറഞ്ഞു വിലപിച്ചു.

e) **എതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **2 × 1 = 2**

i) കടുംകൈ ചെയ്യുക ii) അനുമോദിക്കുക iii) വിശാലമനസ്കൻ

**VI. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.** **3 × 5 = 15**

**a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.**

1. യോഗയുടെ പ്രാധാന്യം
2. കുട്ടികളും കായികവിനോദവും

**b)** നിങ്ങളുടെ പ്രദേശത്ത് പകർച്ചവ്യാധി പടരുന്നതിനെക്കുറിച്ച് ആരോഗ്യവിഭാഗത്തെ അറിയിച്ചുകൊണ്ട് കത്തു തയ്യാറാക്കുക.

**c)** നിങ്ങളുടെ നാട് പ്ലാസ്റ്റിക് രഹിത ഗ്രാമമായി പ്രഖ്യാപിക്കുന്ന ചടങ്ങ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും എന്ന പരിപാടിയെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക.

## സി വിഭാഗം

**VII. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശം അനുസരിച്ച് ഉത്തരം എഴുതുക. ഓരോന്നിനും 3 മാർക്ക് വീതം.**

**a) ഏതെങ്കിലും ഒരു ചോദ്യത്തിനുമാത്രം ഉത്തരം എഴുതുക.** **1 × 3 = 3**

1. "അല്ലാ, നീയ് പലിശേം അടച്ചിട്ടില്ല്യല്ലോടാ. ഇദെന്താ കഥ? ഞാൻ കൊറച്ചുകൂടി കാക്കും. പിന്നെ റേഡിയോയാണോ സിനിമ്യാണോന്നൊന്നും നോക്കില്ല്യ. അങ്ങട് കിട്ട്യകാശിന് വിൽക്കും. അതാ ഇബടത്തെ ഒരു രീതി" (പണയം). അറ്റകൈക്ക് ഉപ്പു തേക്കാത്തവൻ എന്ന പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് ചെമ്പുമത്തായിയുടെ സ്വഭാവ നിരൂപണം തയ്യാറാക്കുക.

2. .....സ്നേഹംകൊണ്ട് ഒന്നായവർ തമ്മിൽപ്പോലും കാരണാന്തരങ്ങളാൽ ഉണ്ടായിത്തീരുന്ന ദ്വേഷ മത്സരങ്ങൾ ആഘാതപ്രത്യാഘാതരൂപേണ വളർന്ന് കൊടിയ യുദ്ധമായി പരിണമിച്ചു. തലമുറകളിലൂടെ വീണ്ടും പ്രതികാരേച്ഛയായി ഈട്ടംകൂടി........

   ലേഖകന്റെ ഈ അഭിപ്രായത്തെ വർത്തമാനകാല സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

**b) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക.** **2 × 3 = 6**

1. "എങ്ങിനികൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
   കെട്ടു കരിന്തിരിയാളും വരെയവർ
   ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള
   ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ"?
   - വരികളുടെ ആശയം എഴുതുക. സമകാലസംഭവങ്ങളുമായി ബന്ധപ്പെടുത്തി ഈ വരികൾ വ്യാഖ്യാനിച്ചെഴുതുക.

2. "ഏതുമുറങ്ങാതെമ്പാടും വയ-
   ലേലകൾ തോറും നടുവിൽ പൊൽക്കിഴി-
   യെരിയും വെള്ളിത്താലമെടുത്തു നി-
   രന്നു ലസിപ്പൂ നെയ്യാമ്പലുകൾ." (ഓണമുറ്റത്ത്)
   വരികളിൽ തെളിയുന്ന കാവ്യപരമായ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

3. "ക്രോധം ധർമ്മക്ഷയകരമാണ്". കാരണമെന്ത്?

**c) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക.** **2 × 3 = 6**

1. സുബ്ബജടാവല്ലഭരുടെ ശിഷ്യനായുള്ള സ്വാമിയുടെ ജീവിതത്തെക്കുറിച്ച് ഒരു ലഘുവിവരണം എഴുതുക.
2. ഏറ്റുമാനൂർ ക്ഷേത്രത്തിൽ വച്ചുണ്ടായ രസകരമായ സംഭവം എന്തായിരുന്നു?
3. സ്വാമിയുടെ കഥകളിയിലുള്ള അഭിനയ സാമർത്ഥ്യത്തെക്കുറിച്ച് കരുവാ കൃഷ്ണനാശാൻ പറയുന്നതെന്ത്?